(ഡി) ഇല്ല.

(ഇ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എളകുളം ബാങ്കിന് ലഭിച്ച ലോൺ

136 (304) ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലാ ബാങ്കിൽ നിന്നും എളംകുളം ബാങ്കിന് എത്ര കോടി രൂപ ലോൺ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ എളംകുളം ബാങ്കിനു ജില്ലാ ബാങ്കിൽ എത്ര രൂപ കുടിശ്ശിക ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) കുടിശ്ശിക പിരിച്ചെടുക്കുന്നതിനു വേണ്ടി ജില്ലാ ബാങ്ക് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തെല്ലാം നടപടി എന്ന് വ്യക്തമാക്കുമോ;

(ഇ) ഈ ബാങ്കിന് ഇത്രയും കുടിശ്ശിക ഉണ്ടാകുവാനുള്ള സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കോട്ടയം ജില്ലാ സഹകരണ ബാങ്കിൽ നിന്നും എളംകുളം സർവ്വീസ് സഹകരണ ബാങ്കിന് സ്പെഷ്യൽ ഓവർഡ്രാഫ്റ്റ് ഉൾപ്പെടെ 1361.35 ലക്ഷം രൂപ വായ്പ അനുവദിച്ചിട്ടുണ്ട്.

(ബി) 684.36 ലക്ഷം രൂപ

(സി)&(ഡി) കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ആർബിട്രേഷൻ കേസുകളും എക്സിക്യൂഷൻ കേസുകളും ഫയൽ ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) സാമ്പത്തിക അച്ചടക്കം പാലിക്കാത്തതും വായ്പക്കാർ കൃത്യസമയത്ത് തുക തിരിച്ചടയ്ക്കാത്തതും തുക ഈടാക്കുന്നതിലുണ്ടായ കാലതാമസവുമാണ് കാരണം.

സഹകരണ മേഖലയിലെ നിയമനം

137 (305) ശ്രീമതി എൻ. കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയിൽ ഏതെല്ലാം നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്താൻ ചട്ടങ്ങൾ തയ്യാറാക്കിയിട്ടുണ്ട് ;

(ബി) പ്രൈമറി സംഘങ്ങൾ ഒഴികെയുള്ള സഹകരണ മേഖലയിലെ നിയമനങ്ങൾ പി.എസ്.സി.യെ ഏൽപ്പിക്കുവാൻ ഉദ്ദേശമുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly